## പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 607** **26.04.2017 -ൽ മറുപടിയ്ക്ക്**

## അഴീക്കൽ ബീച്ചിന്റെ ദയനീയാവസ്ഥ പരിഹരിക്കാൻ നടപടി

**ചോദ്യം: ശ്രീ.ആർ. രാമചന്ദ്രൻ :**

**ഉത്തരം**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽപെട്ട ആലപ്പാട് പഞ്ചായത്തിലെ അഴീക്കൽ ബീച്ചിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവിടത്തെ പ്രാഥമിക സൗകര്യങ്ങളുടെ കുറവും സുരക്ഷിതത്വമില്ലായ്മയും ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തണമെന്നുള്ള ആവശ്യം പരിഗണിച്ച് അഴീക്കൽ ബീച്ചിൽ വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വകുപ്പ് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. നടപ്പാത, ഗാലറി,പടിപ്പുര , സ്റ്റേജ് എന്നിവയുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ശുചിമുറി ഉൾപ്പെടെ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പണി കഴിപ്പിക്കുന്നതിനായി പണം വകയിരുത്തിയിരുന്നുവെങ്കിലും ആവശ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ അത് നിർമ്മിക്കാൻ സാധിച്ചില്ല. |
| (ബി) | പ്രസ്തുത ബീച്ചിൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) | നിലവിൽ ലൈഫ് ഗാർഡുകളുടെ സേവനം ഈ ബീച്ചിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ